## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.181 14.07.2016 -ൽ മറുപടിയ്ക്ക്

## ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീ.ആർ.രാമചന്ദ്രൻ**<br>**ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
| എ) | സംസ്ഥാനത്ത് എത്തിക്കൊണ്ടിരിക്കുന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം വർഷം തോറും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ കൂടുതൽ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ; | എ) | കഴിഞ്ഞ 5 വർഷത്തെ (2011-2015) കാലയളവിലെ കണക്കുകൾ പരിശോധിച്ചാൽ വിദേശ ടൂറിസ്റ്റുകളുടേയും ആഭ്യന്തര ടൂറിസ്റ്റുകളുടേയും എണ്ണത്തിൽ കുറവുള്ളതായി കാണുന്നില്ല. എന്നാൽ ഈ വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്കിൽ നേരിയ കുറവ് വന്നിട്ടുണ്ട് വിദേശ ടൂറിസ്റ്റുകളുടെ കാര്യത്തിൽ 2014-ലെ 7.4% എന്ന വളർച്ചാ നിരക്ക് 2015-ൽ 6.59% ആയി കുറഞ്ഞപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 2014-ൽ 7.71% ആയിരുന്നത് 2015-ൽ 6.53% ആയി കുറഞ്ഞു. പുതിയ ഉത്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തമായ വിപണന പ്രചാരണ തന്ത്രങ്ങളിലൂടെയും കൂടുതൽ വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അടുത്ത അഞ്ച് വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 100 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനവും വളർച്ചയാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| ബി) | ടൂറിസം, തൊഴിലധിഷ്ഠിത മേഖലയാക്കുന്നതിനും കുടുംബശ്രീ വഴി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും എന്ത് നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | കേരളത്തിൽ ടൂറിസം ഒരു തൊഴിലധിഷ്ഠിതമേഖലയാണ്. GIFT ന്റെ 2015 ലെ ടൂറിസം സാറ്റ്ലൈറ്റ് അക്കൗണ്ട് എന്ന പഠന റിപ്പോർട്ട് പ്രകാരം കേരളത്തിൽ ടൂറിസം മേഖലയിൽ ഏകദേശം 25 ലക്ഷം പേർ നേരിട്ട് തൊഴിൽ ചെയ്യുന്നുണ്ട്. കേരളത്തിലെ ആകെ തൊഴിലുകളിൽ 11.49 % വിനോദസഞ്ചാരത്തിന്റെ നേരിട്ടുള്ള സംഭാവനയാണ്.<br>ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ടൂറിസം വികസനത്തിൽ പ്രധാന പങ്ക് നിർവ്വഹിക്കുന്നുണ്ട്. ഈ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ